**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1522          03.10.2011 -ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശുപത്രി

| ചോദ്യം<br><br>ശ്രീ.ടി.വി.രാജേഷ് | | ഉത്തരം<br><br>ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ ചികിത്സയും മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും സാമ്പത്തിക സഹായം അനുവദിച്ചു. എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവർക്ക് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300/- രൂപ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപ നിരക്കിലും എൻഡോസൾഫാൻ ദുരിതബാധിതരായ തുടർ ചികിത്സ ആവശ്യമായുള്ളവർക്ക് 1000/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നൽകി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരായ 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സൗജന്യ ചികിത്സയ്ക്കായി കാസർഗോഡ് ജില്ലാ ആശുപത്രിക്കും ജനറൽ ആശുപത്രിക്കും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രത്യേക ഫണ്ട് അനുവദിച്ച് സൗജന്യ ചികിത്സ നൽകി വരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിത മനുഭവിക്കുന്നവരുടെ ചികിത്സയ്ക്കായി കാസർഗോഡ് ജില്ലാ കളക്ടർക്ക് ആദ്യഘട്ടമെന്ന നിലയിൽ പത്തു ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 അദ്ധ്യയന വർഷത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപ വീതവും 8 |

| | | | |
|---|---|---|---|
| | | | മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000/- രൂപ വീതവും 11ഉം 12ഉം ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2500/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തിട്ടുണ്ട്. 2523 കുട്ടികൾക്ക് ഇതുവരെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ഈ ധനസഹായം ഇപ്പോൾ യഥാക്രമം 2000/-, 3000/-, 4000/- രൂപ വീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിത ബാധിതർക്കായി മൊബൈൽ ക്ലിനിക്കുകളും സൗജന്യ ചികിത്സാ പദ്ധതികളും സൗജന്യ ആംബുലൻസ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് സൗജന്യമായി പ്രത്യേക ചികിത്സ നൽകുന്നതിലേക്കായി 11 ആശുപത്രികളെ 'എംപാനൽ' ചെയ്ത് ഉത്തരവായിട്ടുണ്ട്. ദുരിത ബാധിതർക്ക് സൗജന്യ റേഷൻ നൽകി വരുന്നു. ദുരിബാധിതരെയെല്ലാം ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകി. |
| (ബി) | എൻഡോസൾഫാൻ ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ ചെലവുകൾ പൂർണ്ണമായി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ; | (ബി) & (സി) | പരിശോധിക്കാവുന്നതാണ്. |
| (സി) | എൻഡോസൾഫാൻ ബാധിതർക്ക് മതിയായ ചികിത്സയും പരിചരണവും ഉറപ്പാക്കാൻ ഒരു അത്യാധുനിക ആശുപത്രി സ്ഥാപിക്കാൻ തയ്യാറാവുമോ? | | |

സെക്ഷൻ ഓഫീസർ